## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 709** | **29/10/2019-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള<br>,, കെ.എൻ.എ ഖാദർ<br>,, മഞ്ഞളാംകുഴി അലി<br>,, പാറക്കൽ അബ്ദുള്ള | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണത്തിന് റിസർവ് ബാങ്ക് അംഗീകാരം നൽകിയോയെന്ന് വ്യക്തമാക്കാമോ; | (എ) | അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | ആർ. ബി. ഐ. അംഗീകാരം നൽകിയ ഉത്തരവിന്റെ വിശദാംശങ്ങൾ നൽകുമോ; ആർ.ബി.ഐ. മുന്നോട്ട് വെച്ച മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | (ബി) | മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽ നിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്ന 14 A ഭേദഗതി സംബന്ധിച്ചുള്ള കേസുകളിൽ ബഹു. കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായാണ് ലയനം നടപ്പിലാക്കേണ്ടത്. താഴെ പറയുന്ന വ്യവസ്ഥകളാണ് അന്തിമ അനുമതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>1) 2018 മാർച്ച് 31-ന്റെ നബാർഡിന്റെ കണക്ക് പ്രകാരം ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന് 9 ശതമാനം മൂലധന പര്യാപ്തത ആർജ്ജിക്കണമെങ്കിൽ 97.92 കോടി രൂപയുടെ കുറവുണ്ട്. ലയനത്തിന് മുൻപ് ഈ തുക സംസ്ഥാന സർക്കാർ നൽകണം. മാത്രമല്ല, 9% മൂലധനപര്യാപ്തത തുടർന്നും സംസ്ഥാന സർക്കാർ ഉറപ്പ് വരുത്തണം.<br><br>2) ജില്ലാ സഹകരണ ബാങ്കുകളുടെ നെറ്റ് വർത്തിന്റെ അടിസ്ഥാനത്തിൽ ലയന ശേഷമുള്ള ബാങ്കിൽ |

അംഗസംഘങ്ങളുടെ ഓഹരിമൂലധനം അനുവദിച്ച് നൽകണം. ഇതിനായി സംസ്ഥാന സഹകരണ ബാങ്ക് ഒരു ട്രാൻസ്ഫർ പ്രൈസ് വ്യവസ്ഥ രൂപപ്പെടുത്തണം.

3) വോട്ടവകാശം ഇല്ലാതെ വായ്പേതര സംഘങ്ങളുടെ ഒരു പ്രതിനിധിയെ റൊട്ടേഷൻ അടിസ്ഥാനത്തിൽ പുതിയ ബാങ്കിന്റെ ഭരണസമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണം.

4) ബോർഡ് ഓഫ് മാനേജ്മെന്റ്, ഘടന, അധികാരങ്ങൾ എന്നിവ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് സമാനമായ മാർഗ്ഗനിർദ്ദേശത്തിന് അനുസരിച്ചാവണം.

5) ലയനശേഷം ആർ.ബി.ഐയുടെ തത്വത്തിൽ ഉള്ള അംഗീകാരത്തിൽ നിഷ്കർഷിച്ചിരുന്ന 11, 13, 15 എന്നീ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

തത്വത്തിലുള്ള അംഗീകാരത്തിലെ 11, 13, 15 വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

11) ലയനശേഷം എല്ലാ ജില്ലാ ബാങ്കുകളിലേയും ഉപഭോക്താക്കൾക്ക് സേവനം നൽകാൻ കഴിയുന്ന രീതിയിലുള്ള മികച്ച സോഫ്റ്റ് വെയർ KSCB-ക്ക് ഉണ്ടാകണം.

13) KSCB യുടെ CEO 'Fit and proper' മാനദണ്ഡങ്ങൾ പാലിച്ചാവണം. ഭരണ സമിതിയിൽ ചുരുങ്ങിയത് 2 പ്രൊഫഷണൽസ് ഉണ്ടാകണം.

15) ലയനശേഷം KSCB-യുടെ RBI ലൈസൻസ് തുടരും. ജില്ലാബാങ്കുകളുടെ നിലവിലെ ബ്രാഞ്ചുകൾ KSCB-യുടെ ബ്രാഞ്ചുകളായി മാറും. തുടർന്ന് KSCB ഈ ബ്രാഞ്ചുകളുടെ ലൈസൻസിനായി RBI-ക്ക് അപേക്ഷ നൽകണം. RBI-യുടെ മുൻകൂർ അനുമതിയോടെ മാത്രമേ ബ്രാഞ്ചുകൾ മാറ്റി സ്ഥാപിക്കാവൂ. ജില്ലാ ബാങ്കുകൾ അവരുടെ ലൈസൻസ് RBI-ക്ക് സറണ്ടർ ചെയ്യണം.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ബാങ്ക് എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ; | (സി) | 2020 മാർച്ച് 31 വരെ റിസർവ്വ് ബാങ്ക് സമയം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കേരള ബാങ്ക് രൂപീകരണത്തിന് ശേഷവും പ്രാഥമിക സഹകരണ ബാങ്കുകൾക്ക് നിലവിൽ തുടരുന്ന രൂപത്തിൽ വായ്പ നൽകുവാനും നിക്ഷേപം സ്വീകരിക്കുവാനും സാധിക്കുമോ; | (ഡി) | നിലവിലുള്ള സ്ഥിതി കേരള ബാങ്ക് വന്നതിന് ശേഷവും തുടരും. നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന രീതിയിൽ വായ്പ നൽകുവാനും നിക്ഷേപം സ്വീകരിക്കുവാനും യാതൊരു തടസ്സവും ഉണ്ടാകില്ല. |
| (ഇ) | പ്രാഥമിക സഹകരണ ബാങ്കുകളുടെ മേൽ ആർ.ബി.ഐ. യുടെ നിയന്ത്രണം വരുമോ; നിക്ഷേപങ്ങൾക്ക് തുക സ്വീകരിക്കുന്നതിനും ടി.ഡി.എസ്. ബാധകമാവുമോ; വിശദാംശം നൽകുമോ? | (ഇ) | റിസർവ്വ് ബാങ്ക് ലൈസൻസില്ലാതെയാണ് പ്രാഥമിക സഹകരണ ബാങ്കുകൾ നിലവിൽ പ്രവർത്തിക്കുന്നത്. ടി സ്ഥിതി കേരള ബാങ്ക് നിലവിൽ വന്നാലും തുടരുന്നതിന് തടസമുണ്ടാകില്ല |

**സെക്ഷൻ ഓഫീസർ**